# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 637 — 29/01/2019 ൽ മറുപടിയ്ക്ക്

### ത്രിവേണി സ്റ്റോറുകൾ ജനകീയമാക്കുന്നതിന് നടപടി

| ചോദ്യം<br><br>ശ്രീ.അബ്ദുൽ ഹമീദ് പി | | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലിസ്റ്റോറുകളിലെ നിരക്കിൽ കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലും സബ്സിഡി അനുവദിച്ച് കൊണ്ട് ത്രിവേണി സ്റ്റോറുകൾ കൂടുതൽ ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോറുകൾ വഴിയും സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ വഴിയും മിതമായ നിരക്കിലാണ് സാധനങ്ങളുടെ വിതരണം നടത്തുന്നത്. ത്രിവേണി സ്റ്റോറുകൾ വഴി സ്ഥിരമായി സബ്സിഡി നിരക്കിൽ സാധനങ്ങൾ വിതരണം നടത്തുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചു വരുന്നു. |
| ബി) | ഉത്സവകാല വിപണിയിൽ ഇടപെടുന്നതിന് കൺസ്യൂമർഫെഡിന് സബ്സിഡി നൽകുന്ന മാതൃകയിൽ ഉത്സവകാലം അല്ലാത്തപ്പോഴും സബ്സിഡി അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | ബി) | ഓണം, വിഷു, റംസാൻ, ബക്രീദ്, ക്രിസ്തുമസ്, എന്നീ ഉത്സവകാലങ്ങളിലാണ് പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ഉത്സവകാല ചന്തകൾ നടത്തി വരുന്നത്. അല്ലാത്ത സമയത്തും സബ്സിഡി വില്പന നടത്തണമെന്ന നിർദ്ദേശം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.